## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 801

04.03.2020-ൽ മറുപടിയ്ക്ക്.

## ക്ഷീരമേഖലയുടെ വളർച്ചയ്ക്കായുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. സ്വരാജ് | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷീരമേഖലയുടെ വളർച്ചയ്ക്കായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (എ) സംസ്ഥാനത്തെ ക്ഷീരകർഷകരുടെ ഉന്നമനത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1) പരമ്പരാഗത മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയ്ക്കു പുറമേ തെരെഞ്ഞെടുത്ത ബ്ലോക്കുകളിൽ 2016-17, 2017-18 വർഷങ്ങളിൽ ഡെയറി സോൺ പദ്ധതിയും 2016-17 മുതൽ തുടർ വർഷങ്ങളിൽ തെരെഞ്ഞെടുത്ത പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതിയും നടപ്പിലാക്കി വരുന്നു.<br>തീറ്റപ്പുൽകൃഷിയുടെ പ്രയോജനം കൂടുതൽ കർഷകരിൽ എത്തിക്കുന്നതിനും തീറ്റപ്പുല്ലിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ വ്യക്തികൾ വശം തരിശായി കിടക്കുന്ന സ്ഥലം കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി നടത്തി കർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേന ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്.<br>2) ഡെയറിഫാമുകളുടെ യന്ത്രവൽക്കരണത്തിനു കൂടുതൽ പ്രാധാന്യം നൽകി ഫാം മെക്കനൈസേഷനുവേണ്ടി കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി.<br>3) ഉരുക്കളേയും കർഷകരേയും അവരുടെ കുടുബാംഗങ്ങളേയും ഉൾപ്പെടുത്തി സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു.<br>4) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതവും വകുപ്പിന്റെ പദ്ധതിവിഹിതവും വിനിയോഗിച്ച് ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് ഒരു ലിറ്റർ പാലിന് പരമാവധി നാല് രൂപ വരെ സഹായം നൽകുന്ന പദ്ധതി ബഹു ഭൂരിഭാഗം പഞ്ചായത്തുകളിലും നടപ്പിലാക്കുന്നു. |

5) ഉൽപ്പാദനക്ഷമത കൂടിയതും ഉയർന്ന ജനിതക ഗുണവുമുള്ള കറവപശുക്കളെ തദ്ദേശീയമായി കർഷകർക്ക് ലഭ്യമാക്കുന്നതിനായി ക്ഷീര സംഘങ്ങൾ മുഖേന 100 കിടാരികൾ അടങ്ങിയ ഹീഫർ പാർക്ക് പദ്ധതി നടപ്പിലാക്കുന്നു.

6) പ്രളയത്തിന്റെയും പ്രകൃതി ക്ഷോഭത്തിന്റെയും ഭാഗമായി കനത്ത നാശനഷ്ടം സംഭവിച്ച ക്ഷീരകർഷകരെ സഹായിക്കുന്നതിനായി 22 കോടി രൂപയുടെ ക്ഷീര നവോത്ഥാനം എന്ന ഫ്ലഡ് റിലീഫ് പദ്ധതി നടപ്പിലാക്കുന്നു.

കന്നുക്കുട്ടി ദത്തെടുക്കൽ പദ്ധതി, ക്ഷീരകർഷകർക്കുള്ള കടാശ്വാസ പദ്ധതി, കോമ്പോസിറ്റ് ഡെയറി യൂണിറ്റ്, എലിവേറ്റഡ് കാറ്റിൽ ഷെഡ്, സമഗ്ര സഹകരണ പ്രചരണ പരിപാടി, വനിതാ ക്ഷീരകർഷക സർവ്വേ, ക്ഷീരസംഘങ്ങൾക്കായി യൂണിഫൈഡ് സോഫ്റ്റ്‌വെയർ തുടങ്ങിയ പദ്ധതികളും ഈ വർഷത്തെ നൂതന പദ്ധതികളിൽ ഉൾപ്പെടുന്നു. കൂടാതെ ക്ഷീരസംഘങ്ങളുടെ ആധുനികവൽക്കരണത്തിനും യന്ത്രവൽക്കരണത്തിനും പാൽ പരിശോധനാ സംവിധാനം ശക്തിപ്പെടുത്തുന്നതിനുമുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു.

ക്ഷീര കർഷക ക്ഷേമനിധിയിലൂടെയുള്ള പെൻഷൻ 500 രൂപയിൽ നിന്നും 1200 രൂപയായും കുടുംബ പെൻഷൻ 150 രൂപയിൽ നിന്നും 600 രൂപയായും ഉയർത്തി.

(ബി) ക്ഷീരമേഖല കൂടുതൽ വ്യാപിപ്പിക്കുന്നതിലേക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു വെന്ന് വ്യക്തമാക്കുമോ?

(ബി) ക്ഷീര മേഖലയിലേയ്ക്ക് യുവജനങ്ങൾ ഉൾപ്പെടെ കൂടുതൽ പേരെ കൊണ്ടുവരുന്നതിന് ക്ഷീര പരിശീലന കേന്ദ്രങ്ങൾ വഴി സംരംഭകർക്ക് വേണ്ടി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. ഈ മേഖലയിലെ കർഷകരെ സഹകരണ മേഖലയിലേയ്ക്ക് കൊണ്ടുവന്ന് വിവിധ ഏജൻസികളിൽ നിന്നുള്ള സഹായം ഉറപ്പുവരുത്തുന്നതിനായി സമഗ്ര സഹകരണ പ്രചരണ പരിപാടി നടപ്പിലാക്കി. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾക്കായി പ്രത്യേക ശില്പശാലകൾ നടത്തുകയും ക്ഷീര മേഖലയ്ക്ക് കൂടുതൽ ഫണ്ട് വകയിരുത്തുന്നതിനും ക്ഷീര കർഷകരെ പങ്കെടുപ്പിച്ച് പ്രത്യേക പ്രോജക്ട് ഫോർമുലേഷൻ ശില്പശാലകളും ക്ഷീരകർഷക പാർലമെന്റുകളും സംഘടിപ്പിച്ചു വരുന്നു. കർഷകരുടെ ആവശ്യങ്ങൾക്കും അഭിപ്രായങ്ങൾക്കും അനുസൃതമായി പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുവാൻ കഴിഞ്ഞതിനാൽ കൂടുതൽ പേരെ

ഈ മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിന് കഴിഞ്ഞിട്ടുണ്ട്. വനിതാ ക്ഷീര കർഷകർക്കായി പ്രത്യേക വനിതാ ക്ഷീരകർഷക സർവ്വേ നടത്തുകയുണ്ടായി. ഇതിന്റെ റിപ്പോർട്ടിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സ്ത്രീ സൗഹൃദ വനിതാ ശാക്തീകരണത്തിന് സഹായകരമായ പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**